# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **11-06-2024 - ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ വേനൽ കാലത്ത് കൊണ്ടോട്ടി നഗരത്തിലടക്കം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെടുകയും വോൾട്ടേജ് ലഭ്യത കുറയുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം പാക്കേജിൽ ഹ്രസ്വകാല പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടിയിലെയും സമീപ പ്രദേശങ്ങളിലെയും വൈദ്യുതി വിതരണ തടസ്സ പരിഹാരത്തിനായി കിഴിശ്ശേരി സബ്സ്റ്റേഷനിലെ 110 കെ.വി ബസ് സ്റ്റാൻഡേർഡൈസേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പാക്കേജിലെ ഇടക്കാല പദ്ധതിയിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടി 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി ലൈൻ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. പാക്കേജിലെ ദീർഘകാല പദ്ധതിയിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് പുളിക്കൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും വാഴക്കാട് 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചാൽ കൊണ്ടോട്ടിയിലെയും പരിസര പ്രദേശങ്ങളിലെയും വൈദ്യുതി വിതരണ തടസ്സത്തിനും വോൾട്ടേജ് ലഭ്യതക്കുറവിനും പരിഹാരമാകും.<br><br>വിതരണ വിഭാഗത്തിൽ ആർ.ഡി.എസ്.എസ്. ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തിയ 22.88 കോടി രൂപയുടെ പ്രവൃത്തികളും, ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെടുത്തിയ 50.21 കോടി രൂപയുടെ പ്രവൃത്തിയും, മലപ്പുറം സ്പെഷ്യൽ പാക്കേജിൽ കൊണ്ടോട്ടി മണ്ഡലത്തിന് കീഴിൽ 27.80 കോടി രൂപയുടെ വിവിധ പദ്ധതികളും പ്രസ്തുത പ്രശ്ന പരിഹാരത്തിനായി ശിപാർശ ചെയ്തിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | നടപ്പ് സാമ്പത്തിക വർഷം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | നടപ്പു സാമ്പത്തിക വർഷത്തിൽ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി താഴെ കൊടുത്ത വിവിധ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പദ്ധതികൾ കൊണ്ടോട്ടി മണ്ഡലത്തിനു കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. പുതിയ 11 കെ.വി ലൈനിന്റെ നിർമ്മാണം -14.2 കി മി<br>2. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ - 22 എണ്ണം<br>3. പുതിയ LT ലൈൻ നിർമ്മാണം - 22.49 കി.മി<br>4. സിംഗിൾ ഫേസ് ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി - 2.1 കി.മി<br>ആകെ 12.42 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 നടപ്പു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . |
| (ഡി) | കൊട്ടുകര, ചെറാട് ഉൾപ്പെടെയുള്ള പ്രസ്തുത മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്നും എവിടെയെല്ലാമാണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) | കൊട്ടുക്കര, ചെറാട് ഉൾപ്പെടെയുള്ള ഭാഗങ്ങളിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി പുതിയ 700 മീറ്റർ 11 കെ. വി. ലൈൻ നിർമ്മിച്ചുകൊണ്ട് ചെറാട് ഭാഗത്തു പുതിയ 100 കെ വി എ ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ദ്യുതി-2 പദ്ധതിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ